ട്രാൻസ്പോർട്ട് ഡിസ്ട്രിക്റ്റ് ആഫീസുകൾ.

* 484. [20] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇപ്പോൾ എത്ര ഡിസ്ട്രിക്റ്റ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഏതെങ്കിലും ഡിസ്ട്രിക്റ്റിന്റെ കീഴിൽ സബ്ഡിസ്ട്രിക്റ്റ് കൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) കൊട്ടാരക്കര ഡിസ്ട്രിക്റ്റിൽ പുനലൂർ ഒരു സബ് ഡിസ്ട്രിക്റ്റ് ആരംഭിക്കണമെന്ന് തീരുമാനിച്ചിരുന്നുവോ ;

(ഡി) എന്നാണ് തീരുമാനമെടുത്തത് ;

(ഇ) ഈ തീരുമാനം എത്രയുംവേഗം നടപ്പിലാക്കാൻ നടപടികൾ എടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) പത്ത്.
(ബി) പ്രവർത്തിക്കുന്നുണ്ട്.
(സി) ഇല്ല.
(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ഇതിൽ 'സി'യുടെ ഉത്തരമായിട്ട് ഇല്ല എന്നു പറഞ്ഞു. എന്നാൽ ഇതിനെ സംബന്ധിച്ച് മുമ്പൊരു ദിവസം ഈ സഭയിൽ വച്ചു തന്നെ ചോദിച്ച ചോദ്യത്തിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു പറഞ്ഞു. ഇതു് രണ്ടും തമ്മിലുള്ള വ്യത്യാസം എന്താണ് ?

ശ്രീ. കെ. ടി. അച്യുതൻ : ഇതു് ഷെഡ്യൂളിൽ നമ്പർ വന്നിട്ട് അതിനെപ്പറ്റി ആലോചിക്കാം. കുറച്ചു ഷെഡ്യൂളുകൾ ഉള്ളതിൽ സബ്ലിസ്റ്റ് തയാറാക്കുകയാണെങ്കിൽ വളരെയധികം കാലതാമസം ഉണ്ടാകും.

അലുമിനിയം സ്മെൽട്ടർ

* 485. [21] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു സ്വകാര്യ കമ്പനി അലുമിനിയം സ്മെൽട്ടർ സ്ഥാപിക്കാൻ പോകുന്നുവെന്നും അതിലേക്ക് കനേഡിയൻ വാസ്തു അനുവദിച്ചുവെന്നും 1963 ഡിസംബർ 6-ാം തീയതിയിലെ മാതൃഭൂമി കോഴിക്കോട് എഡിഷനിൽ കണ്ടതായ വാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യത്തെപ്പറ്റി ഗവണ്മെന്റു വല്ല വിശദവിവരങ്ങളും നൽകാമോ ;

(സി) പ്രസ്തുത സ്മെൽട്ടർ എന്നു സ്ഥാപിക്കും ;

(ഡി) എവിടെയാണു സ്ഥാപിക്കുക ;

(ഇ) ഇതിന്റെ ഒട്ടാകെ മുതൽമുടക്ക് എത്ര; കേന്ദ്രവിഹിതം എത്ര; മറ്റു വിവരങ്ങളും എന്തൊക്കെയാണ് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ :

(എ) ഉണ്ട്.
(ബി) കേരളത്തിലെ ഒരു കമ്പനി പുതിയ അലുമിനിയം സ്മെൽടർ സ്ഥാപിക്കുന്നതായും അതിനു കനേഡിയൻ സഹായം ലഭിച്ചതായും ഗവണ്മെന്റിനറിവില്ല.

(സി, ഡി, ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly